പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5021 — 04.07.2012 ൽ മറുപടിക്ക്

## സ്ത്രീകളുടെ അന്തസ്സ് ഉയർത്തുന്നതിനുള്ള കർമ്മ പരിപാടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ശിവദാസൻ നായർ<br>,, ഹൈബി ഈഡൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വർക്കല കഹാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളുടെ അന്തസ്സ് ഉയർത്തുന്നതിന് സഹായകമാകുന്ന എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) സ്ത്രീപീഡനം നിയന്ത്രിക്കുന്നതിനായി ജാഗ്രതാസമിതികൾ രൂപീകരിച്ചും, സാമൂഹ്യക്ഷേമവകുപ്പിന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തിയും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിതാ കോൺസ്റ്റബിൾമാർ ഓരോ ഭവനങ്ങളും സന്ദർശിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. നിയമസഹായത്തിനായി വരുന്ന സ്ത്രീകൾക്ക് പോലീസ്സ്റ്റേഷനുകളിൽ വനിതാ പോലീസിന്റെ സഹായം ലഭ്യമാക്കുന്നുണ്ട്. ഇതിനായി വനിതാ റിസപ്ഷൻ ഡസ്ക്, വനിതാ ഹെൽപ് ലൈൻ, വനിതാ സെൽ എന്നിവയുടെ സേവനങ്ങളും ഉപയോഗപ്പെടുത്തിവരുന്നു. സ്റ്റേഷനിൽ എത്തുന്ന സ്ത്രീകൾക്ക് സൗഹൃദാന്തരീക്ഷം ഒരുക്കുന്നതിനുവേണ്ടി 43 ജനമൈത്രീ പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ സ്റ്റേഷനുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് പരാതി രഹസ്യമായി നൽകുന്നതിന് പരാതി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

കൂടാതെ രാത്രികാല ചെക്കിംഗും, ബസ്സ് സ്റ്റാന്റുകൾ, റയിൽവേസ്റ്റേഷനുകൾ മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചും വനിതാ പോലീസ് കോൺസ്ററബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തിവരുന്നു.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നീ പദ്ധതികളുടെ ഭാഗമായി പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സുരക്ഷ, മൊബൈൽഫോണുകളുടെ ദുരുപയോഗം തുടങ്ങിയ കാര്യങ്ങളിൽ വിശദമായ ബോധവൽക്കരണം നടത്തിവരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 376, 304 (ബി), 354, 366, 498 (എ), 509 എന്നീ വകുപ്പുകൾ പ്രകാരവും KP Act 2011 ലെ 119(1) (A), (B) വകുപ്പുകൾ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

| | | |
|---|---|---|
| (ബി) ഇതിനായി ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;<br><br>(സി) സ്ത്രീകളെ ആക്ഷേപിക്കുകയും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടിക്കുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുമോ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ബി) മുതൽ (ഡി) വരെ | ഉണ്ട്. പ്രക്രിയ പ്രാഥമിക തലത്തിലാണ്. ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സമഗ്രമായ നിയമമാണ് സർക്കാർ ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ